# പാഡിങ്ടൺ

## കുട്ടികളുടെ ഇഷ്ട കഥാപാത്രം

● ദേവനന്ദ



1956-ലെ ക്രിസ്തുമസ് ദിനത്തലേന്ന് 'മൈക്കൽ ബോണ്ട്' എന്ന ഒരാൾ 'പാഡിങ്ടൺ' എന്ന സ്റ്റേഷന് അരികിലുള്ള ലണ്ടൻ സ്റ്റോറിലെത്തി. അവിടെ ഒരു ഷെൽഫിൽ ഏകനായിരിക്കുന്ന ഒരു കരടിപ്പാവയിൽ അദ്ദേഹത്തിന്റെ കണ്ണുടക്കി. ക്രിസ്തുമസ് ദിനത്തിൽ തന്റെ ഭാര്യക്ക് സമ്മാനിക്കാനായി അദ്ദേഹം ആ കരടിപ്പാവയെ വാങ്ങി.

ആ പാവ മൈക്കലിനെ ഒട്ടേറെ സ്വാധീനിച്ചു. ഒരു കരടിയെ കേന്ദ്ര കഥാപാത്രമാക്കിക്കൊണ്ട് ഒരു പുസ്തകം എഴുതാൻ അദ്ദേഹം തീരുമാനിച്ചു. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്ന് ലണ്ടനിലെയും മറ്റും ധാരാളം കുട്ടികൾ അനാഥരായി ജീവിക്കാനിടം തേടി അലയുന്ന കാഴ്ച അക്കാലത്ത് സർവസാധാരണമായിരുന്നു.

1926-ൽ ന്യൂബറിയിൽ ജനിച്ച മൈക്കൽ ബോണ്ട് ബി.ബി.സിയിൽ ക്യാമറാമാനായിരുന്നു. കൂടാതെ അദ്ദേഹം രണ്ടാം ലോക മഹായുദ്ധ സമയത്ത് സൈന്യത്തിലും പ്രവർത്തിച്ചിട്ടുണ്ട്. അക്കാലത്തേ അഭയം തേടി അലയുന്ന അനാഥക്കുട്ടികളുടെ ദൃശ്യങ്ങൾ അദ്ദേഹത്തെ വളരെയേറെ മുറിവേൽപിച്ചിരുന്നു. ആ അവസ്ഥ കൂടി മനസ്സിൽ കണ്ടാണ് ഒരു പാർപ്പിടം തേടി അലയുന്ന കരടിയെ അദ്ദേഹം അവതരിപ്പിച്ചത്.

വെറും പത്തുദിവസംകൊണ്ട് മൈക്കൽ ബോണ്ട് 'എ ബെയർ കോൾഡ് പാഡിങ്ടൺ'

▸▸ ഷെന്തുരുണി വന്യജീവി സങ്കേതം ഏത് ഡാമിന്റെ തീരങ്ങളിലാണ്– തെൻമല ഡാം

എന്ന പുസ്തകം എഴുതിത്തീർത്തു. 1958 ഒക്ടോബർ 13-ന് ആ പുസ്തകം പ്രസിദ്ധീകരിച്ചു.

പിന്നീട് സംഭവിച്ചതെല്ലാം ചരിത്രമായി. 'പാഡിങ്ടൺ കരടി' ലോകമെമ്പാടുമുള്ള കുട്ടികളുടെ ഇഷ്ട കഥാപാത്രങ്ങളിലൊന്നായി മാറി. തുടർന്ന് 20-ലേറെ പുസ്തകങ്ങൾ അദ്ദേഹം എഴുതിത്തീർത്തു. 30ലേറെ ഭാഷകളിൽ പാഡിങ്ടൺ കഥകൾ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 2017-ൽ തന്റെ 91-ാമത്തെ വയസ്സിൽ അന്തരിക്കുന്നതുവരെ അദ്ദേഹം ഈ സാങ്കൽപിക കഥാപാത്രവുമായി ചങ്ങാത്തത്തിലായിരുന്നു.

പാഡിങ്ടൺ കരടി കഥാപാത്രമായ മൂന്നരക്കോടിയിലേറെ പുസ്തകങ്ങൾ ലോകമൊട്ടാകെ വിറ്റഴിഞ്ഞിട്ടുണ്ട്. കൂടാതെ ബി.ബി.സി ഉൾപ്പെടെയുള്ള ധാരാളം ടെലിവിഷൻ ചാനലുകളിൽ പാഡിങ്ടൺ കരടിയുടെ തമാശകളും സാഹസിക കഥകളുമൊക്കെ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

പാഡിങ്ടൺ കരടിയുടെ ജനപ്രീതി സിനിമാ മേഖലയെയും കീഴടക്കി. 2014ൽ 'പാഡിങ്ടൺ' എന്ന പേരിൽ പുറത്തിറങ്ങിയ ലൈവ് ആക്ഷൻ അനിമേറ്റഡ് കോമഡി ഫിലിം വൻ പ്രേക്ഷക പ്രീതിക്ക് പുറമെ ബ്രിട്ടീഷ് അക്കാദമി ഫിലിം അവാർഡിൽ രണ്ടു നോമിനേഷനുകൾ നേടിയിരുന്നു. തുടർന്ന് 2017-ൽ 'പാഡിങ്ടൺ 2' എന്ന പേരിൽ റിലീസ് ചെയ്ത ചലച്ചിത്രം വൻ സാമ്പത്തിക നേട്ടത്തിന് പുറമെ ബാഫ്റ്റ അവാർഡ് നോമിനേഷനും സ്വന്തമാക്കി.



*മൈക്കൾ ബോണ്ട്*






## സിനിമയുടെ രത്നച്ചുരുക്കം:

ദക്ഷിണ അമേരിക്കയിലെ 'പെറു' എന്ന രാജ്യം. അവിടെ ഒരു കൊടുംകാട്ടിൽ ഒരു ബ്രിട്ടീഷ് ഭൂമിശാസ്ത്രജ്ഞൻ എത്തിച്ചേരുന്നു. അജ്ഞാത ഇനത്തിൽപ്പെട്ട ഒരു കരടിയെ കണ്ട അയാൾ അതിനെ വെടിവെച്ചു കൊല്ലാനായി ശ്രമിച്ചു. എന്നാൽ മറ്റൊരു കരടി അയാളുടെ തോക്ക് തട്ടിയെടുക്കുകയും അയാളെ അപകടകാരിയായ തേളിൽ നിന്ന് രക്ഷിക്കുകയും ചെയ്തു.

അധികം വൈകാതെ ആ കരടിയുടെ ബുദ്ധിശക്തിയെ പറ്റി അയാൾ മനസ്സിലാക്കി. അവയ്ക്ക് വളരെ വേഗം ഇംഗ്ലീഷ് പഠിക്കാനാകുമെന്നും അയാൾ തിരിച്ചറിഞ്ഞു. ആ കരടികൾക്ക് 'ലൂസി' എന്നും, 'പസ്റ്റുസൊ' എന്നും അയാൾ പേരിട്ടു. ആ കരടികളെ ലണ്ടനിലേക്ക് സ്വാഗതം ചെയ്ത ശേഷം അയാൾ മടങ്ങിപ്പോയി. എന്നാൽ അവർ പെറുവിൽ തന്നെ കഴിഞ്ഞു.

40 വർഷങ്ങൾ കടന്നുപോയി. രണ്ടു കരടികളും സന്തോഷത്തോടെ ജീവിക്കുകയായിരുന്നു. അവർക്കൊപ്പം അനാഥനായ ഒരു കരടിക്കുട്ടിയുമുണ്ട്. മുൻപുണ്ടായ ഒരു ഭൂമികുലുക്കത്തിൽ മാതാപിതാക്കളെ നഷ്ടമായ അവന്റെ സംരക്ഷണം ലൂസിയും പസ്റ്റുസൊയും ഏറ്റെടുക്കുകയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം വീണ്ടും ഭൂകമ്പമുണ്ടായി. ലൂസിയും കരടിക്കുട്ടനും ഭൂമിക്കടിയിലെ സുരക്ഷിത താവളത്തിൽ കയറി രക്ഷപ്പെട്ടു. എന്നാൽ പസ്റ്റുസൊയുടെ ദേഹത്തേക്ക് ഒരു മരം

▸▸ കേരളത്തിലെ ഏറ്റവും വലിയ ജലസംഭരണി– മലമ്പുഴ ഡാം

കടപുഴകി വീണതിനാൽ അവൻ മരണമടഞ്ഞു.

ദുഃഖിതയായ ലൂസി അമ്മായി തന്റെ അനന്തരവനെ ലണ്ടനിലേക്ക് അയക്കാൻ തീരുമാനിച്ചു. അവിടെ അവന് സുരക്ഷിതമായ ഒരു പാർപ്പിടം കിട്ടുമെന്ന് അവർ പറഞ്ഞു. താൻ അവശയാണെന്നും അതിനാൽ യാത്ര സാധ്യമല്ലെന്നും ലൂസി വ്യക്തമാക്കി. തുടർന്ന് ഏവരോടും വളരെ വേഗം ചങ്ങാത്തം കൂടുന്ന, നിഷ്കളങ്കനായ കരടിക്കുട്ടൻ ലണ്ടനിലെ പാഡിങ്ടൺ സ്റ്റേഷനിൽ വന്നിറങ്ങി. എന്തു ചെയ്യണമെന്നറിയാതെ സ്യൂട്ട്കേസുമായി നിൽക്കുന്ന ആ കുസൃതിക്കാരനെ 'ബ്രൗൺ' കുടുംബം കണ്ടുമുട്ടി.

'ഈ കരടിയെ സംരക്ഷിക്കണം. നന്ദി' എന്നെഴുതിയ കാർഡ് അവന്റെ കഴുത്തിൽ തൂക്കിയിട്ടുണ്ടായിരുന്നു. യുദ്ധാനന്തരം പലായനം ചെയ്യേണ്ടി വന്ന കുട്ടികളുടെ കഴു ത്തിലും ഇത്തരത്തി ൽ അഭ്യർത്ഥനകൾ തൂക്കിയിടുമായിരുന്നു. കൂടാതെ ആ കുട്ടികളുടെ പക്കൽ അവശ്യ സാധനങ്ങൾ അടങ്ങിയ ഒരു ചെറിയ സ്യൂട്ട്കേസും ഉണ്ടാകും. ആ സാഹചര്യത്തെ ഓർമിപ്പിക്കുന്ന വിധത്തിലാണ് ആ കരടിയെ ബ്രൗൺ കുടുംബം സ്റ്റേഷനിൽ വെച്ച് കണ്ടത്.

ഹെൻറി ബ്രൗൺ എന്നയാൾ കരടിയെ അവഗണിക്കാൻ ശ്രമിച്ചെങ്കിലും അയാളുടെ ഭാര്യയായ മേരിയും രണ്ടു കുട്ടികളും ആ സാധു കരടിയെ ഒപ്പം കൂട്ടി. കരടിയുടെ പെറു ഭാഷയിലെ പേര് അവർക്ക് ഉച്ചരിക്കാൻ കഴിഞ്ഞില്ല. അതിനാൽ കരടിയെ കണ്ടെത്തിയ റെയിൽവേ സ്റ്റേഷന്റെ പേരാണ് മേരി കരടിക്ക് നൽകിയത്. കാട്ടിൽ കഴിഞ്ഞ ഒരു മനുഷ്യൻ നഗരത്തിൽ എത്തിയാൽ സംഭവിക്കാവുന്ന അബദ്ധങ്ങളെല്ലാം പാഡിങ്ടൺ എന്ന കരടിക്കും സംഭവിച്ചു. വളരെയേറെ തമാശകളും സാഹസികതകളും നിറഞ്ഞ സംഭവവികാസങ്ങളാണ് പിന്നീട് ആ കരടിയെ കാത്തിരുന്നത്.

ഏവരോടും വളരെ മര്യാദയോടെയും സൗഹൃദത്തോടെയും പെരുമാറുന്ന ആ കരടിക്കുട്ടനും ചില ശത്രുക്കളെ നേരിടേണ്ടി വന്നു. എന്നാൽ അതിൽനിന്നെല്ലാം വളരെ അത്ഭുതകരമായി അവൻ രക്ഷപ്പെടുന്നുണ്ട്. അധികം വൈകാതെ ബ്രൗൺ കുടുംബം അവനെ ദത്തെടുത്തു. താൻ ഇപ്പോൾ വളരെ സന്തുഷ്ടനാണെന്നും തനിക്ക് ഒരു പാർപ്പിടം കിട്ടിയെന്നും സൂചിപ്പിച്ച് അവൻ ലൂസി അമ്മായിക്ക് കത്തെഴുതി. ശേഷം കുട്ടികൾക്കൊപ്പം മഞ്ഞിൽ കളിക്കുന്ന കുസൃതിക്കാരനായ പാഡിങ്ടൺ ക്യാമറക്ക് നേരെ ഒരു മഞ്ഞുകട്ട എറിയുന്നതോടെയാണ് കഥ അവസാനിക്കുന്നത്.

പാഡിങ്ടൺ കഥാപാത്രമായ പുസ്തകങ്ങളും ചലച്ചി ത്രങ്ങളും കുട്ടികളും മുതിർന്നവരും ഒരുപോലെ ഇഷ്ടപ്പെടുന്നു. •



▸▸ ഇന്ത്യയിലെ ആദ്യ ഒഴുകുന്ന സൗരോർജ നിലയം സ്ഥാപിച്ചത്– ബാണാസുര സാഗർ ഡാമിൽ